# ‘വിപ്ലവകാരികൾ’ പ്രകാശനം നാളെ

തിരുവനന്തപുരം: എറിക് ഹോബ്സ്ബാം രചിച്ച് ആർ പാർവതി ദേവി വിവർത്തനം ചെയ്ത് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ‘വിപ്ലവകാരികൾ’ എന്ന പുസ്തകത്തിന്റെ പ്രകാശനം നാളെ നടക്കും. വൈകുന്നേരം 4.30ന് തിരുവനന്തപുരം പ്രസ് ക്ലബ്ബിലെ ടി എൻജി ഹാളിൽ ഉന്നത വിദ്യാഭ്യാസ മന്ത്രി ഡോ. ആർ ബിന്ദു പ്രകാശനം നിർവഹിക്കും. കേരള സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിലെ പ്രൊഫസർ ഡോ. മീന ടി പിള്ള പുസ്തകം സ്വീകരിക്കും.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഡോ. സത്യൻ എം അധ്യക്ഷത വഹിക്കും. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അസിസ്റ്റന്റ് ഡയറക്ടർ ഡോ. ഷിബു ശ്രീധർ പുസ്തകം പരിചയപ്പെടുത്തും. ആർ പാർവതി ദേവി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അസിസ്റ്റന്റ് ഡയറക്ടർ ഡോ. പ്രിയ വർഗീസ്, റിസർച്ച് ഓഫിസർ റാഫി പൂക്കോം എന്നിവർ സംസാരിക്കും. രണ്ടാം ലോകമഹായുദ്ധാനന്തരം ലോകത്തുണ്ടായ പരിവർത്തനം വിശകലനം ചെയ്യുന്ന അഞ്ച് ഭാഗങ്ങളിലായുള്ള 27 ലേഖനങ്ങളുടെ സമാഹാരമാണ് ഈ ഗ്രന്ഥം. എറിക് ഹോബ്സ്ബാമിന്റെ കൃതികൾ മലയാളത്തിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വിപ്ലവകാരികൾ പ്രസിദ്ധീകരിച്ചിരിക്കുന്നത്.